Hydel Bullet
A Monthly Publication of the Kerala State Electricity Board Engineers Association

# Enacting of the legendary "Naranathu Bhranthan" epic...

Scientists say that the Work done is equal to Force applied multiplied by the Distance travelled. No matter the quantum of force one applies, if he fails to move the things a bit ahead, the work done would be reduced to zero! This theory seemed to have had highlighted by the legendary genius, popularly known as "Naranathu Bhranthan", who toiled every day from dawn to dusk to push up a large stone uphill and let it fall to the original point by sunset accompanied by contemptuous loud cheers. The dropping of R-APDRP project after pushing up and covering all those uphill milestones and letting it fall with a chorus, reminds one the above epic story.

The Government decision to drop this project back to the initial stage upset the IT team that was behind the preparation of specifications, terms and condition for making this specialized project tailor made to suit the requirement of KSEB. If we are able to implement this central assisted project, the outlook of our organization would drastically change to an impressive one. The consumers would have loved to make electricity payment promptly in the specialized Kiosks (resembling ATM) to be installed conveniently in public places like Railway stations, Bus stands etc. For this, the entire section offices would be networked with a luxurious data transfer capacity of 4mbps at center's cost. The consumers can make online payment for all the service connection related fees without wasting their casual leaves to get the initials of the concerned section officials for remitting in the section office cash counters after spending long hours in common queue. All the Distribution Transformers would be under continuous surveillance by bringing them under an AMR network (Automatic Meter reading Network). This facility can make the energy auditing simple thereby can exercise control on the otherwise uncontrollable commercial loss. A centralized super capacity 100% redundant Data Center provides secured storage for data and records unaffected by even seismic disasters. The MIS becomes effective by processing data and classifying information required for decision making at all levels from AE to Chairman. All the Assets and Facilities of the Board that are laid throughout the length and breadth ➔


പുതുവത്സരാശംസകൾ

KSEB Engineers Association
**Office Bearers - 2010 - 2011**

ASSOCIATION

President
Er. G.S. AJIKUMAR

Vice-President
Er.EBANEZER SAMJI

General Secretary
Er. GEORGE MATHEW

Treasurer
Er.A. RAJENDRAN

Organising Secretaries
Er.V. RANJIT KUMAR (S)
Er.T.B. JAGATHY (N)

Secretaries
Er.D.S. RAJESH (HQ)
Er.EDWIN CALLISTUS (S)
Er.B. SHARATH (N)

BENEVOLENT FUND

Chairman
Er. M. MOHAMMED ALI RAWTHER

Vice Chairperson
Er. SOSAMMA KURUVILA

Secretary
Er.K.P. JEEJI FRANCIS

Treasurer
Er. G.SHAJ KUMAR

Joint Secretaries
Er. P.JAYAKRISHNAN
Er.R. MANOJ

EDITORIAL BOARD

Chief Editor
Er. E. MOHAMMED SHEREEF

Associate Editor
Er.K. SUNIL
Er.NIRMALA KURIEN

Ex. Officio Members
Er. GEORGE MATHEW
Er. D.S. RAJESH
Er.V. RANJIT KUMAR

of the state would be mapped on a GIS platform. This will make the Trouble Call Management System (TCMS) ,i.e. the present fuse off call ,quick and effective because the AE or the control room operator can access the location details of even an LT post erected in a remote area under his jurisdiction. In cities, the HT supply interruption can be restored within a matter of seconds by isolating the faulty portion that would reduce supply interruption duration and frequency significantly. The CE (HRM) need not call for incumbency details every week from the aspirants of long pending AE to AEE promotions because all the information about his HR would be at his fingertips.

Information At Your Fingertips (IAYT) is the Mission Statement set by Bill Gates when he started Micro Soft. All the progressive Governments and Organizations in the country, barring few like KSEB, are immensely benefitting by realizing this mission and improving their performance manifold. Perhaps, from certain corners, it may be boasted that by demolishing this IT project too, they once again successfully prevented Micro Soft's Mission from getting realized in KSEB. Their strategy is that anyone who argues for computerization is dubbed as agents of Micro Soft as though Micro Soft is a dangerous anti national outfit like CIA or ISI! (The Gates couple recently published their Will by which within 50 years of whomsoever of them dies last, their entire wealth would be spent on charity. The Bill Foundation already started the charity work in third world countries).

The scuttled R-APDRP project is generally viewed as the baby of the Chairman. Right from its conception till maturity, he has been carefully nourishing the embryo

➔

and was trying to ensure that the delivered child is entrusted with the right people who can bring up the child to maturity. It is learnt that he obtained Cabinet approval also before issuing the Letter of Intent to the S.Korean Company. When the opposition raised irregularity in the awarding of the contract, the ministry had the responsibility to clear the doubts by disclosing the facts based on which the Cabinet approved the awarding of the contract. But the retreating from the initial Cabinet decision without conducting even a formal enquiry makes one to believe that the Ministry accepted the allegation of the Opposition in toto and do not believe the Chairman. In minimum words it is a disgrace on him.

The present Chairman assumed the captaincy of KSEB with pride and prejudice minced with lot of illusions. Though he wanted to change this organization to a competitive one, he faulted the means to implement change. He failed to understand the ground realities and underestimated the time tested mechanism of Association to take the message to grass root level. He asked the Association leadership to co- operate if they want and boasted that he knows how to garner the support of their people. He rewarded soothsayers and distanced truth tellers. The soothsayers led him to an illusion that KSEB has neither a planning culture nor has a development roadmap. He should have seen➔

## ആദരാഞ്ജലികൾ



The KSEB Engineers Association mourns the sad Demise of the former Chief Minister of Kerala Sri K.Karunakaran who was a strong Administrator and a role model in implementing the Developmental Projects of the State. He is admired by all as the father of Development activities of kerala. The unhindered Commissioning of KSEB's largest power house, Idukki became possible by capitalizing his influence at Delhi during the time of Smt. Indira Gandhi as Prime Minister of India. Many landmark projects includingNedumbassery international airport, Periyaram Medical college, Ezhimala Naval Academy etc had become a reality in our State because of his initiative, leadership and political will. The Technopark concept was originated from his vision. His eternal departure is an irreparable loss to the state and we join the entire spectrum of the state in their grief.

that electricity reached in all the villages of kerala decades before he took the reins of KSEB. However, he has rightly identified IT as the effective means for implementing change to productive culture for which he ignored the necessity of taking into confidence all the major Associations and T.Us of Board alike. Instead he unsuccessfully attempted to bypass & substitute their role with the constitution of Committees selected from a particular group. These committees are supposed to be instrumental in deciding the IT policy. Implementation of R-APDRP designed as per the policy formulated by them should have attracted top most attention of these committees. But alas! When the project hit the rocks on opposition allegation, these committees or the patron of these committees not only abstained from defending the project but kept meaningful silence that in a way was an expression of indirect agreement with the opposition charges. Perhaps managing a public sector engineering organization may be the first experience of the Chairman and all that we can wish for him now is that the hard lessons he learned from here may benefit him in his future assignments. We do believe that his intentions have been honest and sincere though the means failed him.

However, it is a fact that the loss to the Electricity consumers as well as to KSEB by losing these kinds of projects would be substantial and irreparable. When KSEB tried to erect a transmission tower for drawing line to the proposed 400 KV Pallikkara sub-station in the land earmarked for the aborted Smart City project, the business community of the state opined that such silly acts of KSEB can only help to send wrong signals to the international business community about the trustworthiness of the State though the land is still under KSEB's possession. Now what would be the opinion of the same business community, when a foreign company, that too from a country to which our country has sound trade relations, shown the doors for none of their faults after being lured into taking up a contract and letting them to deploy the resources? Another feather of untrustworthiness!

# Congratulations

KSEB Engineers Association Congratulates



Er. J Cicilet Mary
on her promotion as
Chief Engineer, (HRM)

# തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതാണോ പരിഷ്ക്കാരം?

Er.എൻ.ടി.ജോബ്

ജനുവരി മുതൽ എല്ലാ സെക്ഷനുകളും മാതൃകാ സെക്ഷനുകളായി മാറുമ്പോൾ മൂവ്വായിരത്തോളം ലൈൻമാൻ തസ്തികകൾ ഇല്ലാതാവുമെന്നുള്ളത് ചെറിയ കാര്യമായി തോന്നാമെങ്കിലും വരാൻ പോകുന്ന വെട്ടി നിരത്തലുകളുടെ നാന്ദിയാണിതെന്നു മനസിലാക്കുന്നതു നന്നായിരിക്കും. ബുദ്ധിമാന്മാരൊത്തു കൂടുന്ന കർമ്മ സമിതികൾ കൂടുമ്പോൾ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നിർദ്ദേശം വെയ്ക്കുന്നതൊരു ഫാഷനായാണ് സമിതിഅംഗങ്ങൾ കരുതുന്നത്. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനു വേണ്ടിയാണ് കർമ്മസമിതികൾ രൂപീകരിച്ചിരിക്കുതെന്ന മിഥ്യാബോധം പലരും വെച്ചു പുലർത്തുന്നതായാണ് തോന്നുന്നത്. ബോർഡിനെ മാറ്റി മറിക്കുവാൻ വെമ്പുന്ന ബുദ്ധിരാക്ഷസന്മാർ ബോർഡിനു കീഴിലുള്ള ഉദ്യോഗസ്ഥരെ കൊണ്ടു തന്നെ വെട്ടി നിരത്തുവാനുള്ള പദ്ധതികളും തയ്യാറാക്കുകയാണ് പിന്നാമ്പുറങ്ങളിൽ ചരടു വലിക്കുന്നവർ ചെയ്യുന്നത്.

ഈയിടെ തയ്യാറാക്കി വെച്ചിരിക്കുന്ന സപ്ലൈ ചെയിൻ മാനേജ്മെന്റിന്റെ നിർദ്ദേശങ്ങൾ നടപ്പിലായാൽ സംസ്ഥാനത്ത് നിലവിലുള്ള നാല്പതു സ്റ്റോറുകളുടെ എണ്ണം നാല്പതിൽ നിന്ന് പതിനാലു മാത്രമായി ചുരുങ്ങും. അതോടുകൂടി അത്രയും തസ്തികകൾ ഇല്ലാതാവും.

ആർ.എ.പി.ഡി.ആർ.പി. പദ്ധതി സമർപ്പിച്ചിരിക്കുന്ന രീതിയിൽ നടപ്പിലായാൽ സെക്ഷനാഫീസുകളിൽ ബില്ലിംഗ് സ്റ്റാഫിന്റെ എണ്ണം ഇപ്പോഴുള്ളതിൽ നിന്നും നാമമാത്രമായി മാറും. സെക്ഷനുകളിൽ സൂപ്രണ്ടുമാർ വേണ്ടി വരില്ലെന്നാണു സംസാരം. കളക്ഷൻ എഫിഷ്യൻസി ഇപ്പോൾ തൊണ്ണൂറ്റി എട്ടിൽ എത്തി നില്ക്കുന്നത് ഇവരുടെ സജീവമായ സാന്നിധ്യം കൊണ്ടു കൂടിയാണെന്ന് ബോർഡ് മറന്നു പോകുന്നു. ശമ്പളക്കാര്യങ്ങൾ കേന്ദ്രീകൃതമായി തിരുവനന്തപുരത്തു നിന്നും ആകുമ്പോൾ എ.ആർ.യുകളിൽ ജോലി ചെയ്യുന്ന ബില്ലിംഗ് സ്റ്റാഫിന്റെ കാര്യത്തിൽ വീണ്ടുവിചാരം വേണ്ടി വരും.

ഈയ്യിടെ നടന്ന ഒരു ഉന്നതതല യോഗത്തിൽ വെച്ച് ബോർഡിന്റെ തലപ്പത്തുള്ള ഒരാൾ വെച്ച നിർദ്ദേശം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികകളെക്കുറിച്ച് കണക്കിലെടുക്കേണ്ടെന്നാണ്. അതിന്റെ പച്ചയായ അർത്ഥം ഇത്രമാത്രം: ഈ തസ്തികകളെക്കുറിച്ച് മറന്നേക്കൂ വിതരണമേഖലയിൽ പ്രത്യേകിച്ചും.

ഉയർന്നതലങ്ങളിലും സ്ഥിതി വിഭിന്നമല്ല. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനായുണ്ടായിരുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർമാരുടെ തസ്തികകൾ ഒന്നൊന്നായി ഇല്ലാതായി കൊണ്ടിരിക്കുന്നു.

മെമ്പർ സ്ഥാനം മൂന്നുണ്ടായിരുന്നത് രണ്ടായി നേരത്തെ തന്നെ ചുരുങ്ങി.

സർവീസിൽ കയറുന്നവർക്ക് ലഭിക്കുന്ന പ്രമോഷനുളുടെ സാധ്യതകളാണ് ഇത്തരം വെട്ടിനിരത്തലുകൾ വഴി ഇല്ലാതാവുന്നത്. ഇതിനകം തന്നെ അസിസ്റ്റന്റ് എഞ്ചിനിയർമാരായി സർവീസിലുള്ളവർക്ക് പത്തും പതിനാലും വർഷമായി പ്രമോഷൻ ലഭിക്കാതെ നിരാശരായി ഇരിക്കുമ്പോഴാണ് ഇനിയും തസ്തികകൾ ഓരോന്നായി നമ്മുടെ കൺമുമ്പിൽ വെച്ചില്ലാതാവുന്നത്. ➔

ഒരു പതിറ്റാണ്ടു മുമ്പ് ബോർഡിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തേക്കാൾ കുറവാണ് ഇപ്പോഴുള്ളത്. എന്നിട്ടും കുറയ്ക്കുന്നതിന്റെ ലക്ഷ്യം ചെത്തിമിനുക്കി ആർക്കെങ്കിലും കൈമാറാനാണോ യെന്നാണ് സംശയം.

പമ്പ, പെരിയാർ, ഭാരതപുഴ തുടങ്ങിയ നദികളെല്ലാം പവിത്രമായാണ് നമ്മളെല്ലാം വിശ്വസിക്കുന്നത്. എന്നാൽ ഈ നദികളെല്ലാം എത്തിച്ചേരുന്ന അറബിക്കടലിന് പവിത്രതയുണ്ടെന്ന് ആരും കരുതുന്നില്ല. കടൽക്കരയിൽ ആൾക്കൂട്ടമുണ്ടാകാറുണ്ടെങ്കിലും എല്ലാവരും കടലിനെ കലുഷിതമായാണ് കാണാറുള്ളത്.

ഇതേ അവസ്ഥയാണ് ബോർഡിലെ സംഘടകളുടെയും അവസ്ഥ. എല്ലാവരുംകൂടി കലരുന്നവർക്ക് ഒന്നും പറയാൻ പറ്റാതെ നിസഹായരായി നോക്കി നില്ക്കുന്നു. പ്രമോഷനുകൾ നടന്നാലുമില്ലെങ്കിലും ഓരോ കാലാവുധിക്കുള്ളിൽ ഗ്രേഡ്പ്രമോഷൻ കൊടുക്കണമെന്ന് ചട്ടമുള്ളതുകൊണ്ട് ഓരോരുത്തർക്കും സാമ്പത്തികമായി നല്കേണ്ടതെല്ലാം നല്കേണ്ടി വരുമെന്നുള്ളത് എല്ലാവർക്കുമറിയാം. തസ്തികകൾ ഓരോന്നായി ഇല്ലാതാകുമ്പോൾ സാമ്പത്തികമായ ഗുണം ബോർഡി നുണ്ടാകുന്നില്ലെന്നതാണ് സത്യം. എന്നാൽ സമയാസമയങ്ങളിൽ ലഭിക്കേണ്ട പ്രമോഷനുകൾ ലഭിക്കാതെ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന മാനസിക വ്യഥ കണ്ടില്ലെന്നു വെയ്ക്കുന്നത് മനുഷ്യത്വമില്ലാതാവുന്നതിന്റെ ലക്ഷണങ്ങളാണ്.

വെട്ടിനിരത്തൽ നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നവരെല്ലാം ഇപ്പോഴുള്ള തസ്തികകളിലെത്തിപ്പെട്ടത് താഴെയുള്ള തസ്തികകൾ ചവിട്ടി കയറിയാണെന്ന സത്യം അവർ മറന്നു പോകുന്നു. അവർ എത്തിപ്പെടുന്ന തലത്തിനു താഴെയുള്ള ഏതു കസേരയും വേണ്ടെന്നു വെയ്ക്കുന്നതിന് മനഃപ്രയാസം അവർക്കുണ്ടാകുന്നില്ലെന്നതാണ് യഥാർത്ഥ പ്രശ്നം.

ബ്രിട്ടീഷ് ഭരണം രണ്ടു കാര്യങ്ങൾ അവശേഷിപ്പിച്ചാണ് കടന്നു പോയത്. തമ്മിലടിപ്പിക്കലും മേലാളന്മാരെ സോപ്പിടലും. അധികാര സ്ഥാപനങ്ങളിലെത്തുന്നവരെല്ലാം ഈ രണ്ടു കാര്യങ്ങളിൽ ഡോക്ടറേറ്റെടുക്കുവാൻ എപ്പോഴും പരിശ്രമിച്ചു കൊണ്ടേയിരിക്കും. മുകളിലുള്ളവരെ തൃപ്തിപ്പെടുത്തുവാനുതകുന്ന ആശയങ്ങളും അഭിപ്രായങ്ങളും തട്ടിവിടുവാനിവർക്കെല്ലാം ഭയങ്കര മിടുക്കാണ്. ഏതെങ്കിലും വിഷയത്തിൽ ബോർഡിന് തീരുമാനമെടുക്കുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ആ തീരുമാനം ബാധിക്കുന്നവരെ രണ്ടു ചേരികളിലാക്കി തമ്മിലടിപ്പിക്കും. അതാണ് അസിസ്റ്റന്റ് എഞ്ചിനിയർമാരിൽ നിന്നും അടുത്ത തലത്തിലേക്കുള്ള പ്രമോഷനുകളുടെ കാര്യത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇത്തരം പരിപാടികൾക്ക് ഒരു സംഘടന തന്നെ മുന്നിട്ടിറങ്ങുന്നതാണ് അവർ നല്കിയ ശമ്പള പരിഷ്കരണ നിർദ്ദേശങ്ങളിൽ കാണുന്നത്.

അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ സ്കെയിൽ പതിനെട്ടു വർഷത്തേയ്ക്കാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാന ലക്ഷണം എന്താണെന്ന് എല്ലാവർക്കും മനസിലാവും. അസിസ്റ്റന്റ് എഞ്ചിനിയർമാർക്കു പ്രമോഷൻ സാധ്യതകൾ കുറയ്ക്കുമെന്നുള്ള വ്യക്തമായ സന്ദേശമാണതു നല്കുന്നത്. നിലവിലുള്ളത് പതിനൊന്നു വർഷത്തേയ്ക്കാണ്. എഞ്ചിനിയർമാരുടെ ഓരോ തസ്തികകൾക്കു മുകളിലും സ്പെഷ്യൽ തസ്തികകൾ നിർദ്ദേശിച്ചിരിക്കുന്നു. ഇതെന്തിനാണെന്ന് എഞ്ചിനിയർമാർ അല്ലാത്ത എല്ലാവർക്കും അറിയാം, എഞ്ചിനിയർമാരുടെ പ്രാധാന്യം കുറച്ചു കൊണ്ടുവരികയെന്നതാണ് ഇതിന്റെ ലക്ഷ്യം

# MAKE YOUR RETIREMENT LIFE MORE ENJOYABLE

*Er.L.Geetha, AE,110KV*
*Sub Station,Kayamkulam*

For most employees, retirement is a sudden switchover from one environment to another. The transitional period which span to one to two years before and after retirement becomes intolerable for at least a few. But, proper planning for post retirement make the period of the transitional years more enjoyable.

Preparations meet the various challenges faced during the transitional period should start from the very stages of life. For making the post retirement life more meaningful and cheerful, we have to have a positive mind set, passion for simple life style, boldness to hold high values, warm human relations and integrity to the society, all through our life.

It has been observed that women are able to face post retirement life more cheerfully than men. As they have been overloaded with household and official responsibilities during their career, they feel rather relaxed when they get more time to care their family. especially if grand children are there. As women rather become physically more upset during their early fifties, reducing the physical and mental burden due to hectic official responsibilities become a relief.

But for men, especially those who hold highly authoritative positions feel loose temper, emptiness and lack of self due to lower income. They may sometimes prefer and choose a second career. It has been observed that when people choose a second career, most probably it is less remunerative and authoritative and hence they may feel that they are not getting proper respect and will not be able to continue for a long period. At late fifties or early sixties, aging starts and men are prone to the attack of many life style diseases and their physical abilities to travel and work for longer hours and mental capacities to take decisions and cope with stress reduces.

Here, we should understand ourselves that, we were fully engaged to our professional responsibilities for a very long period. Now we may dedicate more time and energy for our family and for the society. Also we should understand and stepping out is opening way to a young fellow.

On reverse, support for the fellow from the family is very important. If spouse is a house wife, she should understand that her husband has been working and earning for the family all though the years. Now, it is time for him to enjoy life on a lower earning and hence should care him more under his feeble physical, emotional and financial conditions.

If wife is also holding a high authoritative position, the problem doubles. Here, both husband and wife should sacrifice their egos and comforts to a larger extend for a smooth life.

Those who hold highly remunerative job and earning in private sector like Management or IT profession, retirement after life is even more challenging. For them, it is a sudden fall into solitude, as their days had been tightly scheduled, ill health, as their work had been highly hectic and stressful, insecurity as they had been highly paid and now pension less!

This category of people should keep healthy relationship with their family members, helpful attitude to the needful. They may practice yoga, relaxation techniques and other physical activities. Engage in hobbies like farming, which give enjoyment as well as returns. Save a considerable amount of money for post retirement needs. Lead a simple as well as value driven life right from the early years itself.

# ആക്ട് 2003 –ഉം കമ്പനികളും

*Er.C.K.Jyakumar*
*AEE, Kozhikode Unit*

**25.9.2008**-ൽ കെ.എസ്.ഇ.ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും കമ്പനിവൽക്കരണ നടപടികളുമായി മുന്നോട്ടു പോവുകയുമാണല്ലോ. കെ.എസ്.ഇ.ബി ഭാവിയിലും ഒറ്റക്കമ്പനിയായി തന്നെ തുടരണം എന്നാണ് ഒട്ടു മിക്ക ട്രേഡ്‌യൂണിയനുകളും ജീവനക്കാരും ആവശ്യപ്പെടുന്നത്. ഒറ്റക്കമ്പനി യായാൽ ഇപ്പോഴുള്ളതിൽ നിന്ന് സ്ഥാപന ത്തിന്റെ പേരും ഉദ്യോഗസ്ഥരുടെ സ്ഥാന പ്പേരും മാറും എന്നല്ലാതെ മറ്റു കാര്യമായ വ്യത്യാസങ്ങൾ കൂടാതെ കഴിയും. മാത്രമല്ല നമ്മുടെ സ്ഥാപനത്തെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായി കരുതുന്നതു കൊണ്ട് അതിനെ സ്വകാര്യവൽക്കരിക്കാൻ എളുപ്പമല്ല. ഒന്നിൽ കൂടുതൽ കമ്പനികളാണ് നിലവിൽ വരുന്നത് എങ്കിൽ ഘടനാപരമായ മാറ്റം പ്രകടമാവു കയും പ്രസരണ കമ്പനി ഒഴികെയുള്ള കമ്പനികൾ ഭാവിയിൽ സ്വകാര്യവൽക്കരി ക്കപ്പെടാൻ സാദ്ധ്യതയും ഉണ്ട്. അതുപോലെ തന്നെ നമ്മൾ പല കമ്പനിയിലേയ്ക്ക് മാറ്റപ്പെടുമ്പോൾ നമ്മുടെ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പടെയുള്ള സേവനവേതന വ്യവസ്ഥയിൽ മാറ്റം വരാൻ സാദ്ധ്യതയുണ്ട്. ഒറ്റക്കമ്പനിയിൽ ഒരുമിച്ച് നിൽക്കുമ്പോഴുള്ള നമ്മുടെ സംഘടിതശക്തി, പല കമ്പനി കളിലേയ്ക്കു മാറുമ്പോൾ ഉണ്ടാകണമെന്നില്ല. ഇതു പോലെയുള്ള ധാരാളം കാര്യങ്ങൾ നമ്മുടെ സ്ഥാപനം ഒറ്റക്കമ്പനിയായി നിലനിൽക്കുന്നതു കൊണ്ടുള്ള നേട്ടങ്ങളായി ചൂണ്ടിക്കാണിക്കാം. ഒറ്റനോട്ടത്തിൽ ഇതെല്ലാം ശരിയാണ് എന്ന് നമുക്ക് തോന്നാം.

ആക്ട്-2003 വായിച്ചു നോക്കിയാൽ വൈദ്യുത മോഷണം ഒഴികെ മറ്റെല്ലാകാര്യത്തിലും ഉപഭോക്താവിന് പ്രയോജനം ലഭിക്കുന്നതിനു വേണ്ടി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് എന്ന് മനസ്സിലാക്കാം. ഇത് വൈദ്യുത ബോർഡുകളെയോ, അതിലെ ജീവനക്കാരെയോ സംരക്ഷിക്കുന്നതിനുള്ള നിയമമല്ല. രാജ്യത്തിന്റെ വളർച്ചയെ എന്നല്ല നിലനിൽപ്പിനെ തന്നെ കാര്യമായി ബാധിക്കുന്ന ഒരു അടിസ്ഥാന ഘടകമാണ് വൈദ്യുതി. വ്യവസായപുരോഗതിക്കു മാത്രമല്ല കാർഷികാവശ്യത്തിനും നമ്മുടെ ജീവിതത്തിലെ ദൈനംദിനപ്രവർത്തനങ്ങൾക്കും വൈദ്യുതി അത്യാവശ്യമാണ്. നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന വൈദ്യുതിബോർഡുകൾക്ക് വൈദ്യുതി ഉൽപാദന, പ്രസരണ വിതരണ രംഗങ്ങളിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ പല കാരണങ്ങളാൽ കഴിയാതെ വന്നു. അതിന്റെ ഫലമായിട്ടാണല്ലോ രാജ്യത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും കൂടി വന്നത്.

ഉൽപാദനം, പ്രസരണം, വിപണനം, വിതരണം എന്നീ മേഖലകളിൽ ഓരോന്നിനും പ്രത്യേക ഊന്നൽ നൽകുന്ന സ്ഥാപനങ്ങൾ അഭിവൃദ്ധിപ്പെട്ടുവന്നാൽ മാത്രമേ സമഗ്രമായ വളർച്ച വൈദ്യുത രംഗത്ത് ഉണ്ടാവുകയുള്ളൂ. 1970-കളിൽ കേരളം വൈദ്യുതി മിച്ച സംസ്ഥാനമായിരുന്നു. എന്നാൽ വൈദ്യുതി കമ്മി സംസ്ഥാനമായി മാറാൻ നമ്മുടെ സംസ്ഥാനത്തിന് ഏറെ നാൾ വേണ്ടി വന്നില്ല. ഇന്നും ആ സ്ഥിതി തുടരുകയാണ്. വൈദ്യുതി ബോർഡിന്റെ മുൻ കാല പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ആ വളർച്ച പ്രധാനമായും പ്രസരണ വിതരണ മേഖലകളിലാണ് കാണുന്നത്. അതിനനുസരിച്ചുള്ള പുരോഗതി ഉൽപാദന രംഗത്തും കൈവരിച്ചിരുന്നുവെങ്കിൽ വൈദ്യുതികമ്മി ഇന്ന് കേരളത്തിൽ ഉണ്ടാവുമായിരുന്നില്ല.

➔

സ്പെഷ്യലൈസേഷന്റെ കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. വൈദ്യുതിയുടെ ഉൽപാദനം, വിതരണം, വിപണനം, പ്രസരണം തുടങ്ങിയവ വ്യത്യസ്ത മേഖലകളാണ് എന്ന് തിരിച്ചറിയുകയും, ഓരോന്നിനും പ്രത്യേകം ഊന്നൽ നൽകുന്ന സ്ഥാപനങ്ങൾ വാശിയോടെ പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് വൈദ്യുതിയുടെ സമസ്ത മേഖലയിലും ഒരുപോലെ പുരോഗതി ദർശിക്കാൻ സാധിക്കുന്നത്.

പ്രസരണ വിഭാഗത്തിലെ എഞ്ചിനിയർമാർ ഉൾപ്പെടെയുള്ള പ്രഗൽഭരായ ഉദ്യോഗസ്ഥർ ആ ജോലികളിൽ കൂടുതൽ പ്രാവിണ്യം നേടി വരുന്ന സമയത്തായിരിക്കും പ്രമോഷനോ മറ്റു താല്പര്യങ്ങളോ മുൻ നിർത്തി മറ്റു വിഭാഗങ്ങളിലേയ്ക്കു മാറ്റപ്പെടുന്നത്. ആ വ്യക്തിയിൽ നിന്നും പ്രസരണ രംഗത്തെ ജോലികളിൽ ലഭിക്കുമായിരുന്ന മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നഷ്ടമാവുന്നതോടൊപ്പം തന്നെ പ്രാവിണ്യം കുറഞ്ഞ മറ്റു മേഖലകളിൽ ജോലി ചെയ്യുമ്പോഴുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ സ്ഥാപനവും വ്യക്തിയും വഹിക്കേണ്ട അവസ്ഥ ഇന്നും നമ്മുടെ സ്ഥാപനത്തിൽ നിലനിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. നമുക്ക് ഒരു രോഗം വന്നാൽ ആ രോഗത്തിന്റെ ചികിൽസയിൽ പ്രാഗൽഭ്യം നേടിയ ഡോക്ടറെ തേടിപോകും. ഇതെല്ലാം സ്പെഷ്യലൈസേഷന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കമ്പനികളേയും സ്ഥാപനങ്ങളേയും സംബന്ധിച്ചും ഇവ യാഥാർത്ഥ്യങ്ങളാണ്.

ആക്ട് 2003, വൈദ്യുത മേഖലയിലെ സമഗ്രവും ദ്രുത ഗതിയിലുള്ളതുമായ വളർച്ചയെ ലക്ഷ്യം വെച്ചുള്ളതാണ്. വൈദ്യുതി ബോർഡുകളെ നിർബന്ധമായും ചെറുകമ്പനികളായി വിഭജിക്കണം എന്ന് നിയമത്തിൽ ഊന്നി പറഞ്ഞിട്ടില്ല എങ്കിലും അതിലെ മിക്ക clause- കളും വൈദ്യുതി രംഗത്തെ വ്യത്യസ്ഥ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളെ പ്രത്യേകമായി കണ്ടു കൊണ്ട് അവയുടെ പ്രവർത്തനത്തെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഉദാഹരണമായി വിതരണ കമ്പനി, ജനറേഷൻകമ്പനി മുതലായവ.

നിയമത്തിൽ ഉൾകൊണ്ടിട്ടുള്ള നല്ല വശങ്ങളെ മനസ്സിലാക്കി ഇൻഡ്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും സർക്കാർ മേഖലയിലുള്ള പല കമ്പനികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോവുകയാണ്. കേന്ദ്രസർക്കാരിന്റെ കീഴിലും, സംസ്ഥാന സർക്കാരുകളുടെ കീഴിലും, സ്വകാര്യ സംരംഭകരുടെ മുതൽ മുടക്കിലും അൾട്രാ മെഗാ പവർ പ്രോജക്ട് (UMPP)കൾ ഉൾപ്പടെയുള്ള ഉൽപാദന നിലയങ്ങളുടെ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിൽ എത്തിനില്ക്കുന്നു. പ്രസരണ കമ്പനികൾ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. വിതരണ രംഗത്ത് മത്സര ബുദ്ധിയോടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരുകളുടെ അകമഴിഞ്ഞ സഹായത്തോടെ കമ്പനികൾ മുന്നോട്ടു കൊണ്ടു പോകുന്നു.

എന്നാൽ പതിവുപോലെ മാറ്റത്തിനെതിരെ ശക്തമായ ചെറുത്തു നിൽപാണ് നമ്മൾകേരളീയർ ചെയ്യുന്നത്. നമ്മുടെ പ്രവർത്തന രീതിയിൽ കാര്യമായ മാറ്റം വരാത്തവിധത്തിൽ ഒറ്റക്കമ്പനിയായിതന്നെ കഴിയുമെങ്കിൽ ഇലക്ട്രിസിറ്റി ബോർഡു പോലും മാറാതെ മുന്നോട്ടു പോവുക എന്ന ലക്ഷ്യമാണ് നമുക്കുള്ളത്. നടപ്പു സാമ്പത്തിക വർഷത്തിൽ 2219 കോടി രൂപ കമ്മി കാണിക്കുന്ന ARR ആണ് നമ്മൾ ഇപ്പോൾ റഗുലേറ്ററി കമ്മീഷന് നൽകിയിട്ടുള്ളത്. തീർച്ചയായും ഇത് മെച്ചമായ പ്രവർത്തനത്തിന്റെ സൂചകമായി കാണാൻ സാധിക്കില്ല. യഥാർത്ഥത്തിൽ കമ്പനി ഒന്നോ ഒൻപതോ എന്നതല്ല പ്രധാനം. കമ്പനികൾക്ക് മെച്ചമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ സാധിക്കു

ന്നുണ്ടോ എന്നതാണ് പ്രധാനം. എന്നാൽ മാത്രമേ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാനും വിതരണം നടത്താനും അതുവഴി നമ്മുടെ സംസ്ഥാന ത്തിന് പുരോഗതി കൈവരിക്കാനും സാധ്യ മാകൂ. മാത്രമല്ല കമ്പനിയുടെ പ്രവർത്തനത്തെ ആശ്രയിച്ചായിരിക്കും നമ്മുടെ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ക്രമമായി ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നത്.

വൈദ്യുത മേഖല മെച്ചമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ കമ്പനികൾ രൂപീകരിക്കുകയും, ഇപ്പോൾ നിലവിലുള്ള എല്ലാ ജീവനക്കാരേയും പ്രസരണ കമ്പനിയി ലേയ്ക്ക് എടുത്തശേഷം അതിന്റെ പ്രവർത്തന ത്തിന് ആവശ്യമുള്ളവരിൽ കൂടുതൽ ജീവനക്കാരെ മറ്റു കമ്പനികളിലേയ്ക്കു നിയോഗിക്കുകയും ചെയ്യുന്ന വിധത്തിലുള്ള ഒരു സംവിധാനം ഇപ്പോഴുള്ള ജീവനക്കാരുടെ ഭാവി സുരക്ഷിതമാക്കാൻ ഏറ്റവും അനു യോജ്യമായിരിക്കും എന്നാണ് പ്രതീക്ഷി ക്കുന്നത്. ഉൽപാദന വിതരണ കമ്പനികൾ സർക്കാർ ഉടമസ്ഥതയിൽതന്നെ നില നിറുത്തുകയും, അവ മത്സര ബുദ്ധിയോടു കൂടെ പ്രവർത്തിക്കുകയും ചെയ്താൽ നമ്മുടെ സംസ്ഥാനത്തിന് വൻ നേട്ടമാകും എന്നതിന് സംശയമില്ല. അതല്ല കമ്പനികളുടെ പ്രവർത്തനം മോശമായാൽ ആ രംഗങ്ങളിൽ സ്വകാര്യ കമ്പനികൾ ചുവടുറപ്പിക്കുന്ന ഒരവസ്ഥ ഉണ്ടാകും. ജീവനക്കാരുടെ ലീൻ സർക്കാർ ഉടമസ്ഥതയിലുള്ള പ്രസരണ കമ്പനികളിലായതിനാൽ നമുക്ക് ആശങ്കയ്ക്ക് വകയുണ്ടാവില്ല.

Act 2003 ലെ നല്ല വശങ്ങളെ സ്വാംശീ കരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിനു വേണ്ടിയാണ് മിക്ക അയൽ സംസ്ഥാനങ്ങളും വൈദ്യുത മേഖലയിൽ പുതിയ കമ്പനികൾ രൂപീകരിച്ച് അവയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. അല്ലാതെ നമ്മൾ ബുദ്ധിമാൻമാരും അയൽ സംസ്ഥാനങ്ങളിലെ സർക്കാരുകളും ജനങ്ങ ളും മണ്ടന്മാരും ആയതു കൊണ്ടല്ല.

ഇനി എങ്കിലും ഒറ്റക്കമ്പനി എന്ന മർക്കടമുഷ്ടി ഉപേക്ഷിച്ച്''കമ്പനികളുടെ എണ്ണമല്ല പ്രവർത്തന മികവാണ് നമുക്കും നമ്മുടെ സംസ്ഥാനത്തിനും ഗുണഗരം'എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാവണം.

✵

---

## ATTENTION MEMBERS

**The Pay Revision Demand that has been finally approved in the December, 2010 -CEC, is submitted to Board on 22-12-2010 (Wednesday). The details are available in our site .**

# THE POSSESSIONS

*Er.U.S.Ravindran,EE (retd)*

Swami Sri Ramakrishna Paramahamsa, Guru of Swami Vivekanada used to tell story of an eagle which was in trouble due its some possessions. The eagle was gliding in high attitude. Far below in the bushes it saw a rat moving here and there. Happy in finding its prey for the day the eagle took a fast landing, picked up the rat with its legs and took off. It was trying to find out a suitable tree for resting and eating the prey. While the eagle was flying the rat was struggling to escape from the grip of the eagle. The eagle thought that no prey can escape from its powerful grip. To its misery one crow flying near by noticed the struggling rat hanging down from the legs of the eagle. The crow began to follow the eagle. Understanding that the crow is chasing, the eagle began to fly faster. Then the crow began to cry signaling its friends. Then too many crows appeared flying from different directions aiming at the eagle. The battalion of the crows chased the eagle. The eagle tried to fly at higher attitude. But due to the rat in the legs its flying freedom was limited, the moment came that the eagle could not fly holding that rat any more to succeed the chasing battalion of crows. The eagle released its grip of the rat and flew to high attitude and took again the advantage of gliding. The crows followed the falling rat and fought between themselves for their share of food.

Sri Ramakrishna Paramahamsa used to tell the above story to his disciples to illustrate that, possessions will ultimately bring only unrest in one's mind. The tension of maintaining it, the fear of some body stealing it, or losing it etc. constantly chase a person like crows chasing the eagle. Initially the eagle was gliding at high attitude, spending least energy. From the moment the eagle picked up the rat it had to spend more energy. Since the rat was in the grip of legs freedom of using the legs to control flying was lost limiting its flying capabilities. so the crow could easily chase the eagle. The moment eagle releases its grip on the rat it could fly higher and escape from the chasing crows. The more we are proud of our possessions the more we are under stress. This does not mean that we should sacrifice our ambition. But a State of mind should be maintained that nothing is permanent and nothing is ours.

John f Kennedy was US President. He was shot dead in a in a presidential parade. The 1sy lady Jaquline Kennedy the most powerful woman in the world was young when JFK was killed. Later the richest man in the world Aristole Onasis having own fleet of ships and his own Island married her. Immense wealth was left in her name after his death and once the most powerful lady became richest woman also. A few years ago she was spotted walking in the streets of Pune with her son. One of the passers identified her, and asked "Madom are you not Jaquline Kennedy; Jaquline Onasis?". She told "yes". "Are you not afraid to walk in the street without any guard or security?

"why should I" she answered. I am a free ordinary woman now. I have donated all my wealth to Philanthropic activities. I am free now. I need not fear any body". By detaching the possessions the state of mind of a former 1st lady and the once richest woman in the world became like the eagle gliding in high attitude after releasing its grip on the rat. ➔

Ilmeda was a beautiful Model in Philipines. She had too many fans. But she preferred and entertained Benigno Aquino as he was very very rich. Benegano Aquino could not accept request from Ilmeda for marriage since she was from a poor family. Desperation of Ilmeda transformed into a revenge and by hook or crook, she managed to be wife of political leader Ferdinand Marcos who later became president of Phlipines. After becoming the 1st lady, Ilmeda used to exercise power & wealth of the nation. She managed to get killed Benigno Aquino by army. Yard of presidential palace was filled with luxurious BMW cars for her use at different occasions. Her Wardrobe was filled with costly gowns numbering to 3000 and more, and 3000 pairs of sandals & 3 vaults of costly jewelleries. Her people used to call her "steel butter fly". The feeling that she was poor, made different complex in her. The mis-appropriation of national wealth by the presidential couple lead to strong protest by the people of Philipines under the leadership of widow of Benigno Aquino & Corazon Aquino. Consequently the presidential couple Fedinanad Marcos & Ilmeda Marcos had to flee to Hawaii for asylum. All their properties in Philipines and their Hotel in New York was confiscated by the new Government. Later in Hawaii Maros fell ill and died. After few years Ilmeda returned to Philipines and now facing prosecution, Desires are never ending and leads to never ending troubles. Possessing some thing to project pseudo status has become an obsession in the present state of Consumerism. Credit cards and EMIs add to the fuel the fire of desire.

Harshad Metha manipulated share market and earned a lot. He could not live happily. His premature death was in jail.

Ambani brothers forgot their brotherly relations and fought for sharing their possessions.

Recently it is reported in news paper that 40 billionaires of US are donating their possessions for philanthropic activities under the leadership of Bill gates and Wavren Buffer. The website " The giving warren pledge" gives the names of donors. Newyork Mayor Micheal Blumberg, Micro Soft partner Paul Allan, Oracle founder Lary Elison, Hollywood director George Lucas, Hilton group founder canard Hiltons' son Barron Hilton etc are some of them.

In Arabian countries a part of the contract bill payable to the Contractor are withheld by Government as Zakat to be utilized for the welfare of the poor.

Alexander the Great had given instruction in advance to his men to keep his hand open visible from outside the coffin after his death to reveal that he does not carry anything in the last journey even though he had conquered the whole world.

Readers Digest November 2010 issue gives a story of an Austrian Millionaire Karl Rabeder who unloaded all his worldly possessions to help others and himself. According to him "Every time I flew back to Frankfurt from Elsalvador I would look at faces of people around me and wonder, has there been a terrorist attack? Then I would realize that the anxious expressions were Standard in the developed world. In terms of happiness Europe Japan and US were actually under developed". Karl Rabeder donated all his possessions for the poor and now living in the Alps mountain in a cabin. He says "feeling of freedom is absolute lightness".

Indian railway has a Slogan "Less luggage more Comfortable".

Here is a mantra in Esavasa Upanishad " Edam Na Mama" Which means "Here there is nothing of mine". So why should fight unnecessarily for possession? If there is no happiness what is there for us to be proud of our possession? ✵

# 2 G അഴിമതിയും സംഭാഷണ ചോർച്ചയും

*Er.V.Rajan,DYCE (Retd)*

**വാ**ർത്താ വിനിമയത്തിന്റെ വളർച്ച നമ്മുടെ പ്രതീക്ഷകൾക്കൊക്കെ അപ്പുറത്തായിരുന്നു. രണ്ടും മൂന്നും തലമുറസൗകര്യങ്ങൾ ഏതാണ്ട് ഒരേ സമയത്ത് തന്നെയാണ് പൊതുജനത്തിന് ലഭ്യമായത്. അതിന്റെ സ്പെക്ട്രം അനുവദിക്കുന്നതിൽ വലിയ ക്രമക്കേടുകൾ നടന്നതായിട്ടാണ് സി.എ.ജി റിപ്പോർട്ടിൽ പറയുന്നത്; ഏതാണ്ട് 1.76 ലക്ഷം കോടി രൂപയുടെ അഴിമതി. അതുകൊണ്ട് തന്നെ കേന്ദ്രമന്ത്രി രാജി സമർപ്പിച്ചു. ഇപ്പോൾ പ്രതിപക്ഷം ജെ.പി.സി അന്വേഷണം വേണമെന്ന് ശഠിച്ച് കഴിഞ്ഞ പാർലമെന്റ് സമ്മേളനം മുഴുവൻ സ്തംഭിപ്പിച്ചു. പി.എ.സി. അന്വേഷണം ആകാമെന്നാണ് ഗവൺമെന്റ് പറയുന്നത്. ഇതിനിടക്കാണ് ഒരു പബ്ലിക് റിലേഷൻ കമ്പനിയുടെ സംഭാഷണങ്ങൾ അടങ്ങിയ ആദായനികുതി ടേപ്പുകൾ പുറത്തായത്. അതിൽ വ്യവസായികൾ, പത്രപ്രവർത്തകർ, രാഷ്ട്രീയക്കാർ അങ്ങനെ പലരും ഉൾപ്പെട്ടിട്ടുണ്ട്. അതിൽ പത്രക്കാരെ, കമ്പനി അവരുടെ കക്ഷികളുടെ താല്പര്യ സംരക്ഷണാർത്ഥം, പല കാര്യങ്ങൾക്കും ഉപയോഗിച്ചിരുന്നുയെന്നുള്ളതിന് തെളിവുകളുണ്ടെന്നുള്ളതാണ് വലിയ ആരോപണം. ഇതിനിടക്കാണ് വിക്കീലീക്സെന്ന അന്താരാഷ്ട്ര രഹസ്യ സംഭാഷണ ചോർച്ചയും നടന്നത്.

സ്പെക്ട്രം അനുവദിച്ചതിൽ നിലവിലുള്ള നിയമങ്ങളും മന്ത്രിസഭയുടെയും പ്രധാനമന്ത്രിയുടെയും നിർദ്ദേശങ്ങളും പാലിച്ചിട്ടില്ലെന്നുമുള്ളതാണ് പ്രധാന പരാതി. ഓർഡർ നല്കിയ പല കമ്പനികൾക്കും ഈ മേഖലയിൽ പ്രവർത്തന പരിചയമില്ലായെന്നും പരാതിയുണ്ട്. ഇത്രയും വലിയൊരു അഴിമതി ആയതുകൊണ്ട് ജെ.പി.സി. അന്വേഷണത്തിന് മാത്രമെ പ്രസക്തിയുള്ളൂവെന്നാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. പഴേ ജെ.പി.സി അന്വേഷണ ഫലങ്ങൾ നോക്കിയാൽ ഈ അന്വേഷണത്തിന് പ്രസക്തിയില്ലായെന്നും കൂടാതെ സാധാരണ നിലയിൽ പകുതി വഴിക്ക് പ്രതിപക്ഷം കമ്മിറ്റി ബഹിഷ്ക്കരിക്കും; എന്നിട്ട് അവസാനം റിപ്പോർട്ടിനെ എതിർക്കുന്നതിന് അതിനെ കാരണമാക്കും, ഇതൊക്കെയാണ് ഭരണ പക്ഷത്തിന്റെ വാദം. പി.എ.സിക്ക് ഇത്തരത്തിലുള്ള അന്വേഷണം നടത്താനുള്ള അധികാരവും ശേഷിപ്പുമുണ്ടെന്നാണ് അതിന്റെ ചെയർമാനായ പ്രതിപക്ഷത്തെ ഉന്നത നേതാവ് പറയുന്നത്.

ഇവിടെ ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യം ഈ അനുമതികൾ നല്കിയതുകൊണ്ടുണ്ടായ ചില ഗുണങ്ങളാണ്. നാട്ടിൻപുറങ്ങളിൽ വരെ വാർത്താ വിതരണ സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമായി, അതു കൊണ്ടു തന്നെ ഉപഭോക്താക്കളുടെ എണ്ണം ശതഗുണീകരിക്കപ്പെട്ടു. അതുപോലെ തരംഗ ലഭ്യത കൂടിയതുകൊണ്ട് സംഭാഷണത്തിൽ വ്യക്തത കൂടി. കമ്പനി ഏതായാലും ഉപഭോക്താവിന് ഇഷ്ടമുള്ള നമ്പർ നിലനിർത്താം. സി.എ.ജി. ഈ ഇടപാടുകളുടെ സാമ്പത്തിക വശം മാത്രമാണ് വിശകലനം ചെയ്തത്. അതിനുള്ള അധികാരമെ ➔

ആസ്ഥാപനത്തിനുള്ളൂ. ഈ ഇടപാടിന്റെ നേരത്തെ പറഞ്ഞ, സാമൂഹിക വശം പഠിച്ചിട്ടില്ല, അതും കൂടി വിലയിരുത്തപ്പെടേണ്ടതല്ലേയെന്ന് നമ്മൾ ആലോചിക്കണം.

രണ്ടാമത്തെ പ്രശ്നം നമ്മുടെ സ്വകാര്യതയുടെ നേരെയുള്ള ഒരു ആക്രമണമല്ലെയെന്നും ചിന്തിക്കണം. നമ്മൾ വളരെ അടുത്ത ആളുകളുമായി(കൂട്ടുകാരാകാം ബന്ധുക്കളാകാം) സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ മനസ് തുറന്നു പറയും. സാമൂഹിക പ്രശ്നങ്ങളിൽ രാഷ്ട്രീയക്കാർക്ക്, പൊതുവെ, ശരിക്കുള്ള അഭിപ്രായപ്രകടനം പ്രയാസമാണ് (ഉദാഹരണം: ജാതിസംവരണം, സ്ത്രീ സംവരണം,പ്രകൃതിസംരക്ഷണം മുതലായവ). അതിൽ പലതും നമുക്ക് പരസ്യമായി പറയാൻ, നമുക്ക് സമൂഹത്തിലുള്ള നിലയും വിലയും കാരണം, സാധിക്കുന്നതായിരിക്കില്ല. ഇതൊക്കെ ടേപ്പ് ചെയ്ത് പിറ്റേന്ന് പ്രസിദ്ധീകരിക്കുന്നത് ശരിയാണോ. മനുഷ്യാവകാശങ്ങൾക്ക് വലിയ വില കല്പിക്കുന്ന ഇക്കാലത്ത് സ്വകാര്യത ഒരു തെറ്റാണോ?

അതുപോലെ ഇതിൽ ഉൾപ്പെട്ട മാദ്ധ്യമ പ്രവർത്തകർ അവരുടെ ജോലിയുടെ ഭാഗമായ വാർത്താശേഖരണമല്ലേ നടത്തുന്നത്. വാർത്ത ലഭ്യമാക്കാൻ സാദ്ധ്യതയുള്ള ഒരു വ്യക്തിയുമായി സംസാരിക്കുമ്പോൾ സംഭാഷണം മുറിഞ്ഞു പോകാതിരിക്കാനും അത് തടസങ്ങളില്ലാതെ മുന്നോട്ട് പോകാനുമായിട്ട് ചില തന്ത്രങ്ങൾ പ്രയോഗിക്കണം. അതിനെ ഒരു കുറ്റമായി കാണാമോ; ചെകുത്താന്റെ കൈയിൽ നിന്നാണെങ്കിലും വാർത്ത സ്വീകരിക്കാമെന്നുള്ളതാണല്ലോ അവരുടെ നയം. അങ്ങനെ ഒരു നല്ല ശ്രോതാവായി വാർത്തകൾ ശേഖരിക്കാം, എല്ലാം വിശ്വസിക്കുകയുമില്ല, എല്ലാ കാര്യങ്ങളും ചെയ്യുകയുമില്ല. ഇതിനെ ഒരു 'കൊച്ചു വർത്തമാന'മായി കണ്ടാൽ മതി.

ഇപ്പോൾ നടക്കുന്ന കോടതിയുടെ മേൽനോട്ടമുള്ള സി.ബി.ഐ. അന്വേഷണവും ഏകാംഗ കമ്മീക്ഷൻറിപ്പോർട്ടും പുറത്തു വരുമ്പോൾ കൂടുതൽ വിവരങ്ങൾ ലഭ്യമാകുമെന്ന് വിശ്വസിക്കാം.

വിക്കീലീക്സെന്ന അന്താരാഷ്ട്ര ചോർച്ചയിലും ഒരു കാര്യം നമ്മൾ ശ്രദ്ധിക്കണം; അതിൽ ഒരു പത്രപ്രവർത്തകനും ഉൾപ്പെട്ടിട്ടില്ല. അതുപോലെ ചൈന, റഷ്യ, ക്യൂബ, ഇറാൻ, വെനിസ്വോല മുതലായ രാജ്യങ്ങളിലെ നേതാക്കന്മാരെയും ഒഴിവാക്കിയിട്ടുണ്ട്. ഇത് യാദൃച്ഛികമാണോ. ഇവരാരും ഇങ്ങനെ സംഭാഷണങ്ങൾ നടത്തിയിട്ടില്ലായെന്ന് വിശ്വസിക്കാൻ പ്രയാസമാണ്.

ഏതു ഭരണക്രമത്തിലും ചില രഹസ്യങ്ങൾ ഉണ്ടാകും. അതാ സമൂഹത്തിന്റെ കെട്ടുറപ്പിനു തന്നെ നല്ലതായിരിക്കും. പൊതുജനങ്ങൾ അറിയേണ്ട കാര്യങ്ങൾ മാത്രം അവർ അറിഞ്ഞാൽ പോരേ. നമ്മുടെ പോലീസ് എല്ലാം സുധാര്യമായി ചെയ്യുന്നതു കൊണ്ടാണ് കുറ്റവാളികൾ രക്ഷപെടുന്നത്. ബോംബെ ഭീകരാക്രമണത്തിൽ സുരക്ഷാ പട്ടാളത്തിന്റെ എല്ലാ ചെയ്തികളും സുതാര്യമായിരുന്നതു കൊണ്ടാണ് മരണസംഖ്യ വളരെ കൂടിയത്. മാധ്യമങ്ങൾ അവരുടെ നിലനില്പിനായി പലതും പറയും. അത് നാട്ടിന് ഗുണകരമാണോയെന്ന് പൊതുസമൂഹം തീരുമാനിക്കണം. അതല്ലായെങ്കിൽ ചാനലുകൾ ഇരുപത്തിനാല് മണിക്കൂറും വാർത്തകളെന്ന പേരിൽ സമൂഹത്തിന് ഒരു ഗുണവുമില്ലാത്ത കാര്യങ്ങൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കും. അതുകൊണ്ട് സമൂഹത്തിന് ത്യാജ്യഗ്രാഹ്യ സ്വഭാവം അത്യാവശ്യമായിരിക്കുകയാണ്. ✵

ചെറുകഥ

# മൗനനൊമ്പരം

*Er. Suresh Kumar K.G.*
*Executive Engineer., VB, Pattom*

**പ**ച്ചപ്പട്ടു വിരിച്ച നെൽപ്പാടങ്ങളും കൊച്ചു കൊച്ചു കൈത്തോടുകളും പൊന്തക്കാടുകളും കുളങ്ങളും മറ്റും നിറഞ്ഞ നിഷ്കളങ്കയായി രുന്നു എന്റെ ഗ്രാമം. രമേശന്റെ മനസ്സിലൂടെ തന്റെ കുട്ടിക്കാലം ഒരു ചിത്രത്തിലെന്നപോലെ കടന്നുവന്നു.

എന്തൊരു രസമായിരുന്നു അന്നൊക്കെ ! മുത്തശ്ശിയുടെകൂടെ അതിരാവിലെ വയൽ വരമ്പത്തുകൂടി തെല്ലകലെയുള്ള തയ്യിൽ കാവിലെ ദേവീക്ഷേത്രത്തിലേക്കുള്ള യാത്ര ! വെള്ളപ്പൊടി വിതറിയപോലെ നെല്ലോലകളിൽ മഞ്ഞുകണങ്ങൾ. നോക്കെത്താദൂരത്തുപരന്നു കിടക്കുന്ന പാടം. അതിനിടിയിലൂടെയുള്ള വീതികുറഞ്ഞ വരമ്പുകൾ. പച്ചപ്പട്ടുവിരിച്ച നെല്ലോലകൾ. പാടത്തിന് നടുവിലൂടെ വളഞ്ഞു പുളഞ്ഞു പോകുന്ന ചെമ്മൺപാത. പാടത്തിന് കുറുകെ ദ്രവിച്ച തടിയിൽ താങ്ങി നിർത്തിയിരിക്കുന്നു. എങ്ങുനിന്നോ വന്ന് എങ്ങോട്ടേക്കോ പോകുന്ന വൈദ്യുത കമ്പികൾ അതിന്റെ ഭാരംമൂലം തൂങ്ങി നിൽക്കുന്നു. അതിൽ കൊച്ചു കുഞ്ഞാറ്റ ക്കുരുവികൾ വരിവരിയായിരുന്ന് പ്രഭാതത്തിൽ കലപില ശബ്ദം ഉണ്ടാക്കിയും തമ്മിൽ തമ്മിൽ ചുണ്ടുകൾ മുട്ടിച്ചും, മുട്ടിയുരുമ്മിയും ഇരിക്കുന്നു. പ്രഭാതത്തിൽ ക്ഷേത്രത്തിൽ നിന്നൊഴുകി ഗ്രാമവാസികളെ ഉണർത്തുന്ന ദേവീ സ്തോത്രങ്ങൾ. അങ്ങിങ്ങ് ചില വീടുകളിൽ പ്രകാശം കാണാം. രാവിലെ ചെമ്മൺ പാതയിലൂടെ കുട്ടയും, തൂമ്പയുമായി ചിലർ തിരക്കിട്ടു പോകുന്നു. പാടത്ത് പണിക്കുപോകുന്നവരാണ്

മുത്തശ്ശി വളരെപ്പുറകിലായിരിക്കും. ഇടയ്ക്കിടെ മുത്തശ്ശി വിളിക്കും...'രമേശാ മോനേ.... പതുക്കെ പോ. മുത്തശ്ശിക്ക് നിന്റെ കൂടെ ഓടാൻ വയ്യ.

അന്നൊക്കെ വൈകുന്നേരങ്ങളിൽ കുളത്തിലും തോട്ടിലും ചൂണ്ടയിടുകയായി രുന്നു തന്റെ പ്രധാന വിനോദം. കൂട്ടിനു സുഹൃത്തുക്കളുമുണ്ടാവും. ഏറ്റവും അടുത്ത സുഹൃത്ത് വിജയനായിരുന്നു. അവന്റെ വീട് പാടത്തു സമീപമുള്ള ഉയർന്ന സ്ഥലത്താണ്. പാടത്തിന് സമീപമുള്ള കുളങ്ങളിൽ വർഷ കാലം കഴിയുമ്പോൾ നിറയെ മത്സ്യങ്ങൾ ഉണ്ടാവും. സ്കൂളിൽ നിന്നും വന്നാലുടനെ പുസ്തകം വലിച്ചെറിഞ്ഞ് ചൂണ്ട കമ്പുമായി ഒരോട്ടമാണ്. എന്തു രസമായിരുന്നു ആ കാലങ്ങളൊക്കെ !

ആരാത് .......? ആരുടെയോ ക്ഷീണിതമായ ശബ്ദത്തിലുള്ള ചോദ്യം കേട്ട് രമേശൻ ചിന്തയിൽ നിന്നും ഉണർന്ന് തലയുയർ ത്തിനോക്കി. കൊച്ചുചെറുക്കൻ മൂപ്പരാണ്. മൂപ്പർക്ക് പ്രായം ഏറെയായി. പണ്ട് മൂപ്പർക്ക് എപ്പോഴും കൂട്ടായിരുന്ന വെട്ടുകത്തിയ്ക്കു പകരം ഒരു ഊന്നുവടിയാണിപ്പോൾ കൂട്ട്. വീട്ടിലെ പണിക്കാരനായിരുന്നു കൊച്ചു ചെറുക്കൻ മൂപ്പൻ. എന്തൊരു ചുറുചുറുക്കുള്ള മനുഷ്യനായിരുന്നു. " ദ് ഞാനാ ...... രമേശൻ... കൃഷ്ണപുരത്തു വീട്ടിലെ...." മൂപ്പർ രമേശനെ തിരിച്ചറിയാൻ കാഴ്ചമങ്ങിയ കണ്ണുകൾ കൊണ്ട് വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി.' കുഞ്ഞിപ്പോൾ കു..ഞ്ഞി..പ്പോ..ൾ എ....വി.... ടെ....യാ ങാ....എ.....ല്ലാ.....വ...രു...മു....ണ്ട....ല്ലോ? എവിടെയാ...... ങാ..... എല്ലാരുമുണ്ടല്ലോ ? മൂപ്പർ രമേശന്റെ ഭാര്യയേയും കുട്ടികളേയും നോക്കി. 'ഞാൻ പഴയ ബോംബെയിലാ... ഇപ്പോ മുംബയ് എന്ന് പറയും വീട്ടിലെ ഒരാശ്രിത നായിരുന്നു മൂപ്പർ. മിക്ക ദിവസവും എന്തെങ്കിലും പണിയും. തെങ്ങുകയറ്റവും മറ്റു മായി മൂപ്പർ തൊടിയിലുണ്ടാവും. അച്ഛൻ വല്ലതുമൊക്കെ കൊടുക്കും. ഒന്നിനും മൂപ്പർക്ക് അത്യാഗ്രഹമില്ല. നന്മയുള്ള മനസ്സുകൾ ഇപ്പോൾ എവിടെയുണ്ട്? മൂപ്പർ വടിയുംകുത്തി, വേച്ചുവേച്ചു പോകുന്നത് നോക്കി രമേശൻ ഒരു നിമിഷം തിരിഞ്ഞു നിന്നു. പണ്ടു ധാരാളം അദ്ധ്വാനിച്ചിട്ടുള്ള ആളാണ്. അതുകൊണ്ട് ഇപ്പോഴും ജീവിച്ചിരിക്കുന്നു.

➔

രമേശൻ ഓർത്തു. തനിക്കും പ്രായം കൂടിക്കൂടിവരുന്നു. ഇനി മൂന്നുനാലുവർഷം കൂടിയേ ജോലിയുള്ളൂ. പെൻഷൻ ആകുമ്പോൾ മുംബയിൽ നിന്നും തന്റെ ഈ ഗ്രാമത്തിൽ തന്നെ തിരികെവരണം. തന്റെ കാലടിപ്പാടുകൾ പതിഞ്ഞ ഈ കൊച്ചുഗ്രാമം എന്നും സ്വപ്നത്തിൽ വരാറുണ്ട്. അത്രകണ്ട് തന്റെ മനസ്സോട് അലിഞ്ഞു ചേർന്നതാണീ ഗ്രാമം. തന്റെ പഴയഗ്രാമം ഏറെക്കുറെ മാറിപ്പോയി. പച്ചപുതച്ച പാടങ്ങൾ മിക്കതും അപ്രത്യക്ഷമായിരിക്കുന്നു. പാടങ്ങൾ നികത്തി തെങ്ങ് നട്ടുപിടിപ്പിച്ചിരിക്കുന്നു. പട്ടണത്തെ ഓർമ്മിപ്പിക്കുമാറ് തൊട്ടുതൊട്ട് വലിയ വലിയ വീടുകൾ. മിക്കവീടിനും ചുറ്റു മതിലുകൾ പണിഞ്ഞ് വേർതിരിച്ചിരിക്കുന്നു. ഗ്രാമവാസികളുടെ മനസ്സുകൾക്ക് മുൻപ് ചുറ്റു വേലികൾ ഇല്ലായിരുന്നു. അവർ നിഷ്കളങ്കരായിരുന്നു. പുതിയ തലമുറ എല്ലാം വേലിക്കെട്ടുകൾ കൊണ്ട് വേർതിരിക്കുന്നു. എന്റെ പഴയഗ്രാമം എനിക്കുതിരികെ കിട്ടുമോ?

മുംബയ് പട്ടണത്തിലെ തിക്കും തിരക്കും ജീവിത ശൈലിയുമെല്ലാം മടുത്തിരിക്കുന്നു. എങ്ങനെയും ജോലി തീർത്ത് മടങ്ങിയെത്തണം. കുട്ടികളെ നാട്ടിലെ സ്കൂളിൽ ചേർക്കണം. കൗസല്ല്യയോടുപറഞ്ഞപ്പോൾ അവൾക്കും എതിർപ്പില്ല. അവളും നാട്ടിൻ പുറത്തുകാരിയാണ്. വലിയ പഠിപ്പും പത്രാസുമൊന്നുമില്ല. തന്റെ ജീവിത പങ്കാളിയായശേഷം എല്ലാറ്റിനും വലംകൈയ്യായി നില്ക്കും. മറിച്ചൊരഭിപ്രായമുണ്ടാകാറില്ല.

വീട്ടിന്റെ പടിപ്പുരയിൽ ആരോ നില്ക്കുന്നു. ഓ.... അമ്മയാണ്. അമ്മ തങ്ങളെ കണ്ടെന്നു തോന്നുന്നു. കുട്ടികൾ 'മുത്തശ്ശീ' എന്ന് വിളിച്ചുകൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടി കെട്ടിപ്പിടിച്ചു. വാർദ്ധക്യം ബാധിച്ച കല്ല്യാണിയമ്മയുടെ മുഖത്ത് സന്തോഷത്തിന്റെ തിളക്കം. നേരം വൈകിയതുകൊണ്ട് നിങ്ങളെ കാത്തു നില്ക്കുകയായിരുന്നു. അമ്മയുടെ ക്ഷീണിച്ച ശബ്ദം. അമ്മയ്ക്ക് എഴുപത്തിയെട്ടായി. അച്ഛൻ മരിച്ചതിനുശേഷം ഏകാകിനിയായി.

വേഷം മാറി കുട്ടികൾ കളിക്കാനായി തൊടിയിലേക്കിറങ്ങി. അവർക്കും സ്വർഗ്ഗം കിട്ടിയ സന്തോഷമായിരിക്കുന്നു. പട്ടണത്തിലെ വൃത്തികെട്ട ചുറ്റുപാടിൽ നിന്നും ഗ്രാമത്തിന്റെ പ്രശാന്തതയിലേക്കിറങ്ങിയ സന്തോഷം.

വേഷമൊക്കെ മാറി ഉമ്മറത്ത് വന്ന് രമേശൻ തിണ്ണയിൽ ഇരുന്നു. അച്ഛന്റെ ചില്ലിട്ട ചിത്രം അറയുടെ നിരയിൽ തൂങ്ങുന്നു. അതിലേക്ക് നോക്കി രമേശൻ നെടുവീർപ്പിട്ടു. അച്ഛനെന്തോ തന്നോട് പറയാനുണ്ടെന്ന തോന്നൽ !

''ഇനിയിപ്പം അങ്ങട്ട് പോണോ? അമ്മയുടെ സംശയം കലർന്ന ചോദ്യം. " ഇതൊക്കെ നോക്കാനും കാണാനും എനിക്കു മേല. സഹായത്തിനൊന്നും പണ്ടത്തെപ്പോലെ ആരെയും കിട്ടാനില്ല. 'കാത്തൂ'നെ പഴയ പോലെ കിട്ടില്ല. അവൾക്കും കിട്ടി ചെറിയൊരു ജോലി "അംഗൻ വാടിയിൽ". കാർത്ത്യായനി അകന്ന ബന്ധത്തിലെ കുട്ടിയാണ്. അമ്മയുടെ സഹായത്തിനായി നിർത്തിയതാണ്. വൈകുന്നേരം അമ്മയുടെ സംസാരത്തിലും ഒറ്റപ്പെടലിന്റെ നൊമ്പരം.

" നീയൊന്നും പറഞ്ഞില്ല. നിന്റെ നിർബന്ധത്തിനല്ലെ ബോംബേയ്ക്ക് പോയത്. അച്ഛ നിഷ്ടമില്ലായിരുന്നു. ഇവിടെ ഇതൊക്കെ നോക്കി ജീവിച്ചാൽ പോരായിരുന്നോ ? ചെറുപ്പത്തിന്റെ എടുത്തുചാട്ടത്തിലാണ് അങ്ങോട്ടു പോയത്. " ശരിയാണ്; രമേശൻ ഓർത്തു. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് നാട്ടിൽ ജോലി കിട്ടാതെ വന്നപ്പോൾ ബോംബേക്ക് പോകണമെന്ന് ആഗ്രഹം. നാട്ടിൻപുറം അന്ന് വിരസത നിറഞ്ഞതായിരുന്നു. കൂടാതെ എന്തൊക്കെയോ ആകണമെന്ന മോഹവും. അങ്ങിനെ അവിടെയെത്തി. നീണ്ട ഇരുപത്തിയാറുവർഷം - അവിടം മടുത്തു. ഇനി എനിക്കെന്റെ സ്വന്തം ഗ്രാമത്തിൽ, എന്റെ സ്വന്തം വീട്ടിൽ ജീവിയ്ക്കണം. നമ്മുടെ പാടത്ത് എനിക്ക് കൃഷി ചെയ്യണം. നാട്ടിലെ കുളത്തിൽ മുങ്ങി കുളിക്കണം. തൊടിയിലെ കിണറ്റുവെള്ളം കുടിക്കണം. അങ്ങനെ എല്ലാം....... എല്ലാം.... എനിക്കു നഷ്ടപ്പെട്ടതെല്ലാം എനിക്ക് വീണ്ടെടുക്കണം. എന്തൊക്കെയോ ദൃഢനിശ്ചയം ചെയ്തുകൊണ്ട് രമേശൻ തൊടിയിലേക്കിറങ്ങി.

അറയുടെ നിരയിൽ തൂങ്ങുന്ന ചില്ലിട്ട ചിത്രത്തിൽ മാധവൻ നായർ മന്ദഹസിക്കുന്നതായി കല്ല്യാണിയമ്മയ്ക്കു തോന്നി..... ✵

# ചെഞ്ചാപ്പാർട്ടി സിന്ദാബാദ്

(‘ചെമ്മ’നത്തിന്റെ ‘ചെ’യും‘ ചാക്കോയുടെ ‘ചാ’യും ചേർത്ത് ശ്രീ. ചെമ്മനം ചാക്കോ
’ചെഞ്ചാപ്പാർട്ടി’യുണ്ടാക്കിയതായി വാർത്ത-)

Er.കെ.പി.ഗോപാലകൃഷ്ണൻ

**ചെ**മ്മനം സാറിനോടൊന്നു ചോദിച്ചോട്ടെ,
ചെഞ്ചാപ്പാർട്ടിയിലംഗമായ്ത്തീരുവാ-
നഞ്ചെട്ടുപേർ ഞങ്ങളൊന്നിച്ചു ചേരുകിൽ
അംഗത്വ ഫീസെത്ര നല്കിടേണം?

സംഗതി കൊള്ളാ, മീപ്പാർട്ടിയിൽ ചേർക്കുകിൽ
അങ്ങതിൻ നേതാവായെന്നും തുടരുകിൽ
ഞങ്ങൾക്കു പിന്നിലണി ചേരുമീ മന്നിൽ
പെൻഷനായ്ത്തീർന്നവരൊക്കെയും, നിർണ്ണയം.

ആളില്ലാതുള്ള കസേരകൾ കാണുകിൽ-
ആളിജ്വലിച്ചിടുമാമിഴിക്കോണുകൾ-
കാണുന്നു ഞങ്ങളും; പെൻഷനായ്ത്തീർന്നവർ
കേറിയിറങ്ങി നടന്നു മടുത്തവർ.

അങ്ങേക്ക് വാക്കു തന്നീടുന്നു ഞങ്ങളും
അംഗത്വമേകിയാലാ നിമിഷം മുതൽ
കോഴ വിവാദത്തിലൊന്നും കുടുങ്ങാതെ
താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിടാം.

ബന്ത്, ഹർത്താൽ, ധർണ്ണയൊക്കെ നടത്തിയീ-
ബന്ധനക്കൂട്ടിലടക്കുന്ന പാർട്ടികൾ
ബന്ധുത്വം ഭാവിച്ചു വോട്ടു ചോദിക്കുകിൽ
ശങ്ക കൂടാതെ മറുത്തു പറഞ്ഞിടും.

കാടുകൾ വെട്ടി വെളുപ്പിച്ച കൂട്ടരേം
നാണം മാനം വിറ്റു കാശുള്ളോരായോരേം
വാണിഭക്കേസ്സിൽ കുടുങ്ങുന്ന ‘മന്യ’രേം
കാലുമാറ്റം ചെയ്തു കൂറു വെടിഞ്ഞോരേം

കാലം കഴിയുമ്പോൾ മന്ത്രിയായ്ത്തീരുവാൻ
ലേലം വിളിക്കുവാനെത്തുന്ന കൂട്ടരേം
നാലയലത്തു മടുപ്പിച്ചു നിർത്തില്ല.
ഇത്രയും ആമുഖം മാത്രമാണോർക്കണം

ഒത്തിരിക്കാര്യങ്ങൾ വേറെയും ചെയ്തിടാം
കത്തയച്ചീടുന്നു, വേഗം മറുപടി-
ക്കത്തിനായ് കാത്തിരുന്നീടുന്നു ഞങ്ങളും.

(ചെമ്മനം അയയ്ക്കാൻ സാദ്ധ്യതയുള്ള
മറുപടിക്കത്ത്)

കത്തുകിട്ടി; പ്രിയ ഗോപാലകൃഷ്ണനും
സത്തമരായ സുഹൃത്തുക്കളൊക്കെയും
‘ചെമ്മന’മുള്ള സഖാക്കളാണെന്നതിൽ
ചെമ്മനം, ഞാനഭിമാനിതനാകുന്നു.

അംഗത്വഫീസൊന്നും നല്കേണ്ടതില്ലയൊ-
രംഗമായ്ത്തീരുവാനെൻ ചെഞ്ചാപ്പാർട്ടിയിൽ
നിങ്ങളെപ്പോലുള്ളോരാദർശ ശുദ്ധരെ
അംഗങ്ങളാക്കുവാനേറെയുണ്ടാഗ്രഹം.

നമ്മളൊരുമിച്ചു നില്ക്കുകിൽ സർവ്വീസിൽ
ബൊമ്മകളാകുന്നൊരുദ്യോഗ വൃന്ദത്തെ
സമ്മതം നോക്കാതെ ഫണ്ടു പിരിക്കുവാൻ
വന്നിങ്ങു ചേരുന്ന ഛോട്ടാ നേതാക്കളെ

മേലനങ്ങാതെ, പണിയെടുക്കാതെയും
തോളിൽക്കയറി ഭരിപ്പാൻ വരുന്നോരെ
ആരാന്റെയമ്മക്ക് ഭ്രാന്തു പിടിക്കുകിൽ
കാണുവാൻ നല്ല രസമെന്നു ചൊല്ലുന്ന

സാഡിസ്റ്റ് ചിന്താഗതിയുള്ള കൂട്ടരേം
നേരേ നടത്തുവാൻ ശക്തിയാർജ്ജിച്ചിടും
ഒത്തിരി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിടും
ഒത്തൊരുമിച്ചു നാം മുന്നോട്ടു നീങ്ങിടാം

* ചെമ്മനം = ചെം+മനം = നല്ല മനസ്സ്

**പ്രസിദ്ധീകരണങ്ങളിലൂടെ...............**

# സത്യമോ മിഥ്യയോ?

പ്രകൃതിയും പുരുഷനും പരസ്പരം ബന്ധിതമാണെന്ന് വേദങ്ങൾ ഉത്ഘോഷിക്കുന്നു. വർത്തമാന കാലവും അത് ശരി വയ്ക്കുന്നു. പ്രകൃതി മാതാവാണ്. മാതാവിനെ രാക്ഷസ രൂപത്തിൽ കണ്ട് മുലപ്പാലിനൊപ്പം രക്തവും ഊറ്റിക്കുടിക്കരുത്. എന്നാൽ സ്നേഹപൂർവ്വം ചുരത്തു മുലപ്പാൽപോലും മനുഷ്യനവകാശപ്പെട്ടതല്ല എന്ന വിധത്തിൽ മാതാവിന്റെ സംരക്ഷകരെന്ന് സ്വയം ചമഞ്ഞു നടക്കുന്നവരുണ്ട്. അത്തരക്കാരുടെ പ്രതിനിധിയായ ഒരു സാഹിത്യകാരിയെ സമൂഹത്തിൽ ഉന്നത സ്ഥാനത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അവരുടെ മാതൃസ്നേഹത്തെ ആരും ചോദ്യം ചെയ്തിരുന്നില്ല ഇക്കഴിഞ്ഞ നവംബർ മാസം വരെ. എന്നാൽ പ്രശസ്ത സാഹിത്യകാരനായ ശ്രീ. കാക്കനാടൻ ചീഫ് എഡിറ്ററായുള്ള 'പത്രം' എന്ന ദ്വൈവാരികയുടെ നവംബർ ലക്കം മറ്റൊരു കഥയാണ് പറയുന്നത്. സൂചന യിലെ സാഹിത്യകാരിയുടെ അറിയപ്പെടാത്ത വശങ്ങളിലേക്ക് ടോർച്ചടിക്കുവാൻ ശ്രമിക്കുക യാണ് ഈ വിശേഷാൽ പ്രതി. കാഴ്ചക്കാർ ഞെട്ടലാടെ യാണ് ആ 'ഡാർക്ക് സോണി'നെ കാണുന്നത്. കണ്ടത് സത്യമോ മിഥ്യയോ? വിശേഷാൽ പ്രതിയുടെ സോഫ്റ്റ് കോപ്പി അസോസിയേഷന്റെ സൈറ്റിൽ നിന്ന് വായിക്കാവുന്നതാണ്. വൈദ്യുതി മോഷണത്തെ സംബന്ധിച്ചുള്ള ഒരു ലേഖനം പകർത്തിയിരിക്കുന്നു.



ഫ്ളാറ്റ് നിർമ്മാണം
റബർ എസ്റ്റേറ്റ്
വൈദ്യുതി മോഷണം

'പത്രംദ്വൈവാരിക' യോട് കടപ്പെട്ടുകൊണ്ട്

എഡിറ്റർ

# FAREWELL



**Er.G.Balachandran,** entered into Board's service as Assistant Engineer. Though he worked in all the three wings of KSEBoard, he is widely recognized as a Generation expert. He served the association as office bearers at various levels such as CEC member and Unit Chairman. He is a loyal and active member of our association and participated in all activities. He retired from Board's service as Chief Engineer (PED) on superannuation on 30.11.2010.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.K.S.Damodaran Nampoothiri,** passed out from REC (NIT) Calicut in 1977. He entered into Board's service as Assistant Engineer. He has worked in all the three wings of KSE Board, including Corporate wing. He served the association as office bearers at various levels as Unit Chairman, Vice-Chairman. He is a loyal and active member of the Association. He retired from Board's service as Chief Engineer (Corporate Planning), on superannuation on 30.11.2010.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.T.J.Narayanan,** joined in KSEB as Assistant Engineer. He is an active member of our association and participated in all activities. He has worked in all the three wings of KSE Board, including Corporate wing. He served the association as office bearers at various levels as Unit Chairman & Vice-Chairman. He retired from Board's service on superannuation on 30.11.2010 as Chief Engineer (Transmission, South), Trivandrum.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.K.N.Sivarajan,** joined KSEB as Assistant Engineer on 5th May 1980 at Electrical Section Vythiri (Wynad) after working for a period of 2 yrs in Karnataka Electricity Board. During his tenure he served the Board in the all the three key areas - Generation, Transmission and Distribution.. He retired from Board's service on superannuation on 30.11.2010 as Chief Engineer (System Operation), Ernakulam.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.S.Asitha Bai,** joined in KSEB as Assistant Engineer. She has worked in all the three wings of KSE Board, including Corporate wing. She is a loyal and active member of the Association. She retired from Board's service on superannuation on 30.11.2010 as Dy. Chief Engineer from the office of the Chief Engineer (T,C&M )), Trivandrum.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.M.K.Sudheer Babu,** joined in KSEB as Assistant Engineer in the year 1983.. He is an active member of our association and participated in all activities. He has worked in all the three wings of KSE Board. He served the association as office bearers at various levels as Chairman. He retired from Board's service on superannuation on 30.11.2010 as Dy.Chief Engineer from the office of the Chief Engineer (Distribution) North, Kozhikode.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.C.V.Usha,** passed out from REC (NIT) Calicut in 1977. She joined in KSEB as Assistant Engineer, in December 1981 at LD Circle Kalamasserri. She is an active member of our association and participated in all activities. She has worked in all the three wings of KSEB. She retired from Board's service on superannuation on 30.11.2010 as Dy. Chief Engineer, Transmission Circle, Kalamasseri.
The KSEB Engineers Association wishes him a happy and peaceful retirement life.



**Er.V.S.Siddique,** joined in KSEB as Assistant Engineer in the year 1983.. He is an active member of our association and participated in all activities. He has worked in all the three wings of KSE Board, including corporate wing. He has served the Association in various capacities like Unit Secretary, Treasurer and CEC member. He retired from Board's service on superannuation on 30.11.2010 as Dy. Chief Engineer, Ele. Circle, Kozhikode.

The KSEB Engineers Association wishes him a happy and peaceful retirement life.

## OBITUARY



**Er.N.Hyder Ali,** retired Deputy Chief Engineer passed away on 16-12-2010 at his residence at Trivandrum. He was 65 years old. He was an active and loyal member of our association. He served the association as Unit Chairman of Trivandrum Unit.

The association expresses its deep condolence to the bereaved family.

**Er.A.Saifudeen (retd Dy.CE)conducting a class on Energy Conservation in the meeting convened by Kottayam Uni at St Annes Higher Secondary School , Kottayam on 14.12.2010**



**സർവീസിൽ നിന്ന് വിരമിച്ച ചീഫ് എൻജിനിയർമാരായ ശ്രീമാൻമാർ കെ.എസ്.ദാമോദരൻ നമ്പൂതിരി, കെ.എൻ.ശിവരാജൻ ഡെപ്യൂട്ടി എൻജിനിയർ ശ്രീമതി.സി.വി.ഉഷ എന്നിവർക്ക് അസോസിയേഷൻ എറണാകുളം യൂണിറ്റ് നൽകിയ യാത്രയയപ്പ് വേളയിൽ ഉപഹാരം നല്കി ആദരിച്ചു.**







സർവീസിൽ നിന്ന് വിരമിച്ച ചീഫ് എൻജിനിയർമാരായ ശ്രീമാൻമാർ  ജി.ബാലചന്ദ്രൻ
റ്റി.ജെ.നാരായണൻ,  എന്നിവർക്ക് അസോസിയേഷൻ തിരുവനന്തപുരം യൂണിറ്റ് നൽകിയ
യാത്രയയപ്പ് വേളയിൽ ഉപഹാരം നല്കി ആദരിക്കുന്നു



December 2010 Registration No.KL/TV(N)/229/2009-11 PRICE ₹ 5/-
Licensed to Post without Prepayment - No.KL/TV(N)WPP/65/2009 -11

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**
**ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001**
**PHONE. 0471-2330696, FAX : 0471-2330853**



President Er.G.S.Ajikumar released the Engineers' Diary 2011 in the Governing Body meeting held at Engineers House Trivandrum on 18-12-2010




Edited, Printed & Published by Er. E.Mohammed Shereef, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association at Bhagath, Marappalam, Pattom, Thiruvananthapuram - 4 Ph: 2540035, website : http/www.ksebea.in

For private circulation only